(ഇ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളായ എൻ.എച്ച്-ലേയും എം.സി. റോഡിലേയും അപകട മേഖലകൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ലിങ്കർ ലൈറ്റുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റഡാർ, ഇന്റർസെപ്റ്റർ സംവിധാനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും അപകടകരമായ റോഡുവക്കുകൾ മണ്ണിട്ടു നികത്തുവാനും ദേശീയ പാതയോരത്തെ കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അമിതവേഗതമൂലമുള്ള വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സ്പീഡ് ക്യാമറകൾ (Full Automatic Speed Violation Detection System) സ്ഥാപിച്ചിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയും, സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

വിവിധ വാഹനങ്ങളുടെ ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കുമായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായും ഹൈവേ ജാഗ്രതാ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയുടെ നേതൃത്വത്തിലും ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. മാത്രമല്ല സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ട്രാഫിക് ബോധവൽക്കരണത്തിനായി നാടകങ്ങളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. റോഡപകടങ്ങളിൽ ഇരയാവുന്നവർക്ക് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽതന്നെ (ഗോൾഡൻ അവർ) പ്രഥമ ശുശ്രൂഷ നൽകുന്നതിനായി ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി "സ്മൈൽ" (The Seemless Medical Intervention for Life Care and Emergency) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ബ്ലാക്ക് മെയിലിംഗ് കേസ്

257 (259) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലാക്ക്മെയിലിംഗ് പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തത് എവിടെ നിന്ന്; ഏത് തീയതിയിലായിരുന്നു ;

(ബി) പ്രതി ഒളിച്ച് താമസിച്ചിരുന്നത് എവിടെയുള്ള, ആരുടെ മറിയിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ മുറി എടുത്ത് നൽകിയ ആളിനേയും, വാഹനം സംഘടിപ്പിച്ച് നൽകിയ ആളിനേയും സംബന്ധിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നുവോ ; ഇവർ രണ്ട് പേരെയും പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായോ ; ഇവർ ആരൊക്കെയായിരുന്നു ;ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ആണോ ; എങ്കിൽ ഏത് പാർട്ടി ;

(ഡി) പ്രതിയ്ക്ക് ഒളിവിൽ കഴിയാൻ സൗകര്യം ഒരുക്കിയ ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം ഠൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ എത്തിച്ച് അന്നേ ദിവസം വൈകിട്ട് 9.40 മണിക്ക് അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

(ബി) തിരുവനന്തപുരം വഞ്ചിയൂർ കൈതമുക്കിലുള്ള ബി.ആർ.ജി. ടവ്വേഴ്സ് എന്ന ലോഡ്ജിൽ ജയചന്ദ്രന്റെ പേരിൽ എടുത്ത 10-ാം നമ്പർ മുറിയിലാണ് ഒളിവിൽ കഴിഞ്ഞിരുന്നത്.

(സി) വിവരം ലഭിച്ചിട്ടുണ്ടായിരുന്നു. പ്രതി ജയചന്ദ്രന് സഹായം നൽകിയവരെന്ന് സംശയിക്കപ്പെട്ടവരെ ചോദ്യം ചെയ്തിട്ടുണ്ടായിരുന്നു എന്നാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതി ജയചന്ദ്രൻ താമസിച്ചിരുന്ന ടി ലോഡ്ജിൽ ഉടമസ്ഥനായ അജയകമാർ (തിരുവാതിര വീട്, അത്താണി, കൈതമുക്ക്, തിരുവനന്തപുരം) എന്നയാളും വാഹനത്തിന്റെ ഉടമസ്ഥനായ ജോഷി (കൃപഭവൻ, ചെക്കാലവിള, നെയ്യാറ്റിൻകര, തിരുവനന്തപുരം) എന്നയാളുമാണ്. ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണോ എന്നുള്ള വിവരം അറിവായിട്ടില്ല.

(ഡി) പ്രതിയെ ഒളിവിൽ കഴിയാൻ സഹായിച്ചവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെയുള്ള അഴിമതി ആരോപണങ്ങൾ

258 (260) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly